ഫോറസ്റ്റ് റേഞ്ചർ തസ്തിക

211 (7774) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് റേഞ്ചർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ട് ;

(സി) ടി തസ്തികയ്ക്ക് അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(ഡി) ശാരീരികക്ഷമത സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) എ-സ്റ്റാർ ശാരീരികക്ഷമതാനിലവാരം റേഞ്ചർ തസ്തികയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടോ ;

(എഫ്) റേഞ്ചർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് എ-സ്റ്റാർ ശാരീരികക്ഷമത യോഗ്യതയായി കണക്കാക്കണമെന്ന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സസ്പെൻഷൻ ഉൾപ്പെടെ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 9 തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്.

(ബി) റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 20 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിലെ ചട്ടം (3)(4) പ്രകാരം റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിശ്ചയിച്ച അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ ചുവടെ ചേർക്കുന്നു :

(എ) നേരിട്ടുള്ള നിയമനം

1. ബി.എസ്.സി. ഫോറസ്ട്രി ബിരുദം
2. ബി.എസ്.സി. സയൻസ്/എഞ്ചിനീയറിംഗ് ബിരുദം

(ബി) കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ തസ്തികമാറ്റംവഴി നിയമിക്കുന്നതിന് ഫീഡർ കാറ്റഗറിയിലെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത.

(സി) വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡെപ്യൂട്ടി റേഞ്ചർ, ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ് തസ്തികകളിൽനിന്നും തസ്തികമാറ്റം ലഭിക്കുന്നതിന് സയൻസ്/എഞ്ചിനീയറിംഗ് ബിരുദം.

LIBRARY ARCHIVES Kerala Legislative Assembly